# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1105

02.03.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്

## കിഫ്ബി മുഖേനയുള്ള പി.ഡബ്ലിയു.ഡി. പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കിഫ്ബി മുഖേന എന്ത് തുകയുടെ എത്ര പൊതുമരാമത്ത് പ്രവൃത്തികളാണ് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; | (എ) 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിലും, മറുപടി പ്രസംഗത്തിലും ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്കാണ് KIIFB മുഖേന ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ അധീനതയിലുള്ള 75 പാലങ്ങൾക്കായി 1435 കോടി രൂപയും, 176 റോഡുകൾക്കായി 3086 കോടി രൂപയുടെയും പ്രവൃത്തികൾ KIIFB മുഖേന ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിനായി 20.08.2016-ലെ സ.ഉ. (സാധാ) നം. 1192/2016/പൊ.മ.വ., 31.10.2016-ലെ സ.ഉ. (സാധാ) നം. 1496/2016/പൊ.മ.വ, 01.11.2016-ലെ സ.ഉ. (സാധാ) നം. 1502/2016/ പൊ.മ.വ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തികളുടെ പേരും അടങ്കൽ തുകയും ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (ബി) പ്രസ്തുത പ്രവൃത്തികളുടെ പേരും അടങ്കൽ തുകയും അടങ്ങുന്ന ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) കിഫ്ബി വഴി നിർവ്വഹിക്കപ്പെടുന്ന എത്ര പ്രവൃത്തികൾ ആരംഭിച്ചുവെന്ന് ജില്ലതിരിച്ച് കണക്കും പേരും സഹിതം വ്യക്തമാക്കാമോ; | (സി) ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ — തിരുവല്ല റോഡിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |

(ഡി) കിഫ്ബി വഴി നടപ്പിലാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഏതൊക്കെ പ്രവൃത്തികൾക്കാണ് ഇനിയും ഭരണാനുമതി ലഭ്യമാകാത്തത് എന്ന് വ്യക്തമാക്കുമോ; ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനും പ്രവൃത്തികൾ ആരംഭിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

(ഡി) ഭരണാനുമതി നൽകിയിട്ടില്ലാത്ത, കിഫ്ബി വഴി നടപ്പാക്കുവാൻ നിശ്ചയിച്ചിട്ടുള്ള 2016-17-ലെ പൊതുമരാമത്തു വകുപ്പിന്റെ ബഡ്ജറ്റ് പ്രവൃത്തികളുടെ പേരും വിശദാംശങ്ങളും അനുബന്ധം II ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

അനുബന്ധം

017/CS-PWD ROAD WORKS

| | DIVISION | No. OF WORKS | AS AMOUNT (Crores) |
|---|---|---|---|
| 1 | THIRUVANANTHAPURAM | 15 | 225.00 |
| 2 | KOLLAM | 14 | 295.00 |
| 3 | PATHANAMTHITTA | 12 | 205.00 |
| 4 | ALAPPUZHA | 13 | 216.00 |
| 5 | KOTTAYAM | 5 | 100.00 |
| 6 | IDUKKI | 6 | 205.00 |
| 7 | MUVATTUPUZHA | 7 | 135.00 |
| 8 | ERNAKULAM | 3 | 135.00 |
| 9 | THRISSUR | 9 | 140.00 |
| 10 | PALAKKAD | 24 | 280.00 |
| 11 | MALAPPUARM- MANJERY | 9 | 120.00 |
| 12 | KOZHIKKODE | 21 | 370.00 |
| 13 | WAYANAD | 6 | 100.00 |
| 14 | KANNUR | 24 | 360.00 |
| 15 | KASARAGOD | 8 | 200.00 |
| 16 | NH/UN ID/RBDCK/DUPLICATION | 0 | 0.00 |
| | **TOTAL** | **176** | **3086.00** |